# പ്രധാനമന്ത്രിയുടെ ഫ്രാൻസ്, യു.എ.ഇ. സന്ദർശനം (ജൂലൈ 13-15, 2023)

ജൂലൈ 12, 2023

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി 2023 ജൂലൈ 13 മുതൽ 15 വരെ ഫ്രാൻസിലും യുണൈറ്റഡ് അറബ് എമിറേറ്റുകളിലും (യു.എ.ഇ.) ഔദ്യോഗിക സന്ദർശനം നടത്തും.

ഫ്രാൻസ് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണിന്റെ ക്ഷണപ്രകാരം 2023 ജൂലൈ 13 മുതൽ 14 വരെ പ്രധാനമന്ത്രി പാരീസ് സന്ദർശിക്കും. 2023 ജൂലൈ 14-ന് നടക്കുന്ന ബാസ്റ്റിൽ ഡേ പരേഡിൽ പ്രധാനമന്ത്രി അതിഥിയായി പങ്കെടുക്കും, അവിടെ ഒരു ട്രൈ സർവീസസ് ഇന്ത്യൻ സായുധ സേനാ സംഘം പങ്കെടുക്കും.

പ്രസിഡന്റ് മാക്രോണുമായി പ്രധാനമന്ത്രി ഔപചാരിക ചർച്ച നടത്തും. പ്രധാനമന്ത്രിയുടെ ബഹുമാനാർത്ഥം പ്രസിഡന്റ് മാക്രോൺ ഒരു സ്റ്റേറ്റ് വിരുന്നും സ്വകാര്യ അത്താഴവും നടത്തും.

പ്രധാനമന്ത്രി ഫ്രാൻസ് പ്രധാനമന്ത്രിയെയും ഫ്രാൻസിലെ സെനറ്റിന്റെയും നാഷണൽ അസംബ്ലിയുടെയും പ്രസിഡന്റുമാരുമായും കൂടിക്കാഴ്ച നടത്തുന്നുണ്ട്. ഫ്രാൻസിലെ ഇന്ത്യൻ പ്രവാസികൾ, ഇന്ത്യൻ, ഫ്രഞ്ച് കമ്പനികളുടെ സി.ഇ.ഒ.-മാർ, ഫ്രഞ്ച് പ്രമുഖ വ്യക്തികൾ എന്നിവരുമായി അദ്ദേഹം പ്രത്യേകം സംവദിക്കും.

ഈ വർഷം ഇന്ത്യ - ഫ്രാൻസ് സ്ട്രാറ്റജിക് പാർട്ണർഷിപ്പിന്റെ 25-ആം വാർഷികം ആയിരിക്കുകയാണ്. പ്രധാനമന്ത്രിയുടെ സന്ദർശനം തന്ത്രപരവും സാംസ്കാരികവും ശാസ്ത്രപരവും അക്കാദമികവും സാമ്പത്തികവുമായ സഹകരണം തുടങ്ങി വൈവിധ്യമാർന്ന മേഖലകളിൽ ഭാവിയിലേക്കുള്ള പങ്കാളിത്തത്തിന്റെ ഗതി ചാർട്ട് ചെയ്യാൻ അവസരമൊരുക്കും.

തുടർന്ന് പ്രധാനമന്ത്രി ജൂലൈ 15-ന് അബുദാബി സന്ദർശിക്കും. യു.എ.ഇ. പ്രസിഡന്റും അബുദാബി ഭരണാധികാരിയുമായ എച്ച്. എച്ച്. ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനുമായി പ്രധാനമന്ത്രി ചർച്ച നടത്തും. ഇന്ത്യ-യുഎഇ സമഗ്ര തന്ത്രപരമായ പങ്കാളിത്തം ക്രമാനുഗതമായി ശക്തിപ്പെടുത്തുകയാണ്, ഊർജം, വിദ്യാഭ്യാസം, ആരോഗ്യം, ഭക്ഷ്യസുരക്ഷ, ഫിൻടെക്, പ്രതിരോധം, സംസ്കാരം തുടങ്ങി വിവിധ മേഖലകളിൽ ഇത് മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള വഴികൾ തിരിച്ചറിയാനുള്ള അവസരമാണ് പ്രധാനമന്ത്രിയുടെ സന്ദർശനം. ആഗോള പ്രശ്നങ്ങളിൽ സഹകരണം ചർച്ച ചെയ്യാനുള്ള അവസരവുമാണിത്, പ്രത്യേകിച്ചും യു.എൻ.എഫ്.സി.സി.-യുടെ യു.എ.ഇ.-യുടെ സി.ഒ.പി. -28 അദ്ധ്യക്ഷതയുടേയും യു.എ.ഇ. പ്രത്യേക ക്ഷണിതാവായ ഇന്ത്യയുടെ ജി -20 അദ്ധ്യക്ഷതയുടേയും പശ്ചാത്തലത്തിൽ.

**ന്യൂ ഡൽഹി**
**ജൂലൈ 12, 2023**